
# LITTLE KITE MAGAZINE



# CHS PUNALUR

ദൃശ്യം



# ദൃശ്യം



സന്ദീപ് എസ്
8 ബി

# 'ദൃശ്യം'

## ഡിജിറ്റൽ മാസിക

2018-19

## ചെമ്മന്തൂർ  ഹൈസ്ക്കൂൾ പുനലൂർ

ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

ദൃശ്യം



ചെമ്മണ്ണൂർ ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിൻ **ദൃശ്യത്തിന്** വിജയാശംസകൾ നേരുന്നു .

**എൽ ഗീതാമണിയമ്മ**

**ഹെഡ്മിസ്ട്രസ്**

# എഡിറ്റോറിയൽ

സർഗാത്മകതയുടെ തിരി തെളിയുന്ന.......................... ചിന്തകൾ ഒക്കെ വെളിച്ചമാകുന്നു.അതിന്റെ തേജസ്സിൽ നിങ്ങൾ ഉണരുമെന്ന ശുഭാപ്തി വിശ്വാസം ഞങ്ങൾക്കുണ്ട്.

കൊച്ചുമനസ്സുകളുടെ നിറവാണ്ദൃശ്യംഎന്ന ഈ ഡജിറ്റൽ മാസിക. കാലത്തിന്റെ കയ്യൊപ്പുകൾക്ക് നിറങ്ങൾ ചാർത്തുമ്പോൾ മായാത്ത മുദ്രകൾ ഇവിടെ പതിയുന്നു.

ഇത് സുമനസ്സുകൾക്ക് ശക്തി പകരട്ടെ...................... അതിന്റെ ഊർജ്ജം ഓരോരുത്തരുടെയും പ്രയാണത്തിൽ വിജയധ്വനി മുഴക്കുമെന്ന് വിശ്വാസത്തോടെ.................

ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ ചെമ്മണ്ണൂർ ഹൈസ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഹരിസാറിനും സരിതടീച്ചർക്കും നന്ദി !

എഡിറ്റർ

**ഹൃദ്യ ആർ നായർ**

***9 എ***

ദൃശ്യം




ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# ഉള്ളടക്കം

## കവിതകൾ

ഭൂമി ........................................................................ .................................................... 9
മതിലേരിക്കന്നി .........................................................................................................10
കാഴ്ചയുടെ സംഗീതം.................................................................................................11
ഗ്രാമത്തിലാവട്ടെ ......................................................................................................12
രാത്രിമഴ ...................................................................................................................13
`
കണ്ണട .......................................................................................................................14
നാലിതല് പൂവ് ..........................................................................................................15
തേനൂറും മലയാളം.....................................................................................................16
പുഷ്പം ..................................................................................................................... 17
വിദ്യാലയം ...............................................................................................................18
പെരുന്തച്ചൻ ............................................................................................................19
കവിതയോട് ..............................................................................................................20
കണിക്കൊന്ന ...........................................................................................................21
കെടാത്ത സൂര്യൻ.....................................................................................................22
ചിറകുകൾ ...............................................................................................................23
കാട് ............................................................................... ......................................24

## മൊഴി മുത്തുകൾ

മഹാത്മഗാന്ധി..................................................................................................................25
വൈക്കം മുഹമ്മദ് ബഷീർ...................................................................................................26
**കുസൃതി ചോദ്യങ്ങൾ** ...............................................................................27

**വായനയിലൂടെ അറിവിന്റെ ആകാശത്തേക്ക്** ..................................................28

**ചിന്തിപ്പിക്കുന്ന ചോദ്യോത്തരങ്ങൾ**............................................................29

## കഥകൾ

സന്യാസിയും നായയും ........................................................................ ..30
ഉളവീണ കടം ........................................................................ ... .. 32
മരങ്ങളുടെ കഥ ........................................................................... 34
ചെണ്ടക്കാരൻ ..................................................................... ...36

**പഴഞ്ചൊല്ലുകൾ** ..................................................................................................................37

## കവിതകൾ

### ഭൂമി



ദേവൻ ദേവീമാരുടെ
കടാക്ഷ:ംകൊണ്ടുത്ഭവിപ്പിച്ച
ഭൂമീദേവി നിൻ പാദത്തിൽ
വീണിടുന്നു ഞാൻ

മാമല നിരകളും -വൻ
മാമര ചുരങ്ങളും -ചെ
ന്താമരക്കുളങ്ങളും
ഇന്നെത്രയുണ്ട്

കാടും കുന്നും തോടും മേടും
കൂടിവന്ന കാലം പോയി
പോയ കാലം വരുവാൻ
നാമെന്തു ചെയ്യണം

കാലം മാറി കോലം മാറി
ഭൂമിയിന്ന് പാടെ മാറി
ഇന്നിതിനു വലിയ ഒരു

വില നൽകേണം

6

## *മതിലേരിക്കന്നി*

**തിരുവെഴുത്താലോലാതു കന്നി**
**കിട്ടുകിടെ പൊട്ടിക്കരഞ്ഞേ കന്നി**
**കണ്ണിരും കൈയായി നിന്നവള്**
**കരഞ്ഞും പറഞ്ഞലോ കുഞ്ഞികന്നി**
**കരളിനകത്തുള്ള നാടവഴിക്ക്**
**അറിയാതെയായിരം കുറ്റം**
**അതിന് കനകം നളേറേ**
**പതിനേരഴ കോപ്പും തലതേഞ്ഞ**
**പതിനെട്ടാടെത്തഴം വെച്ചെനക്ക്**
**ഇരിപത്തിയാറ്**

**നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ**
**നാട്ടുവാഴിരുന്നാലോ ഞാനിരിക്കും**
**തിരുമേനി പടയിലേവന്ന്**
**കേക്ക് മലയോരം കര**
**അടവും തൊഴീലും പഠിച്ചഛൻ**
**പടനിലച്ച പഠിപ്പിഛവൻ**
**പടപെയ്വതു താപ്പൂട്ടി വന്നോളാലോ**
**ഇരുപത്തിയാറ് വയസ്സ്സെവർക്ക്**
**കൈമാറിക്കവും വന്നെന്നിക്ക്**
**കരളിനകത്തുള്ള അറിയാതെ**

7

# കാഴ്ചയുടെ സംഗീതം

കുട്ടനൊരോമനപ്പൊൻ പനിനീർച്ചെടി
മുറ്റത്തു നട്ടുനനച്ചിരുന്നു
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റി വളർന്നതു മൊട്ടണഞ്ഞു.

ആദ്യമറിഞ്ഞതിലക്കുരുമൊട്ടിലൂൽ
ചേരുന്ന ചാരുരഹസ്യമൊന്നും
ഉച്ചിക്കുടുമയും പാറിച്ചുനിൽകുന്ന
കൊച്ചനെന്താവുംമെന്നാർ ഗണിക്കും?

കുട്ടന്റ മാത്രമുടെന്തോ ചുലത്
പൊട്ടുവീണേക്കുമെന്നേുള്ള ഭാവം
പേടിയും ഹർഷവുമിത്തിരി
കൂടിക്കലർന്നോരിടയിളക്കം

## ഗ്രാമത്തിലാവട്ടെ



വീടു വെയ്ക്കുന്നെങ്കിൽ ,ഗ്രാമത്തിലാവട്ടെ ,
കൂട്ടുകൂടുന്നെങ്കിൽ കുഞ്ഞുങ്ങളോടാട്ടെ ,
കൂട്ടുവെട്ടുന്നെങ്കിൽ നിന്നോടുതന്നാട്ടെ ,
കുടിക്കുഴയുന്നേൽ ഭാര്യയോടാവട്ടെ ,
വെയ്ക്കുന്നവീടൊരു പുഴയോരത്താവട്ടെ .

മാമുനിയ്യൊക്കും കുടിൽ തന്നെയാവട്ടെ ,
ആ കുടിൽ മുറ്റത്ത് കാശ്ശറിത്തോട്ടവും ,
നറുംപാൽ കുടിക്കാൻ തൊഴുത്തിലൊരു പയ്യും,
അടുത്തവർഷത്തിൽ അവൾക്കൊരു കുഞ്ഞും ,
ഗ്രാമമാണെതൊരു സ്വർഗ്ഗത്തിലും ഭേദം.

# രാത്രിമഴ



ഇരുളിൽ തിളങ്ങുമീ പാട്ടു കേൾക്കാൻ കൂടെ
മരമുണ്ട് മഴയുണ്ട് കുളിരുമുണ്ട്
നിഴലുണ്ട് പുഴയുണ്ട് തലയാട്ടുവാൻ താഴെ
വഴിമരച്ചോട്ടിലെ പുല്ലുമുണ്ട്
ആരുമില്ലെങ്കിലെന്തായിരം കൊമ്പത്ത്
താരുകളുണ്ട് താരങ്ങളുണ്ട്
ആപാട്ടിലാഹ്ലാദ തേനുണ്ട് കനിവെഴും
സ്വപ്നങ്ങളുണ്ട് കണ്ണീരുമുണ്ട്
ഇരുളിൽ തിളങ്ങുമീ പാട്ടു കേൾക്കാൻ കൂടെ

ദൃശ്യം

മരമുണ്ട് മഴയുണ്ട് കുളിരുമുണ്ട്

# കണ്ണട



എല്ലാവർക്കും തിമിരം
നമ്മൾക്കെല്ലാവർക്കും തിമിരം
മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു
കണ്ണടകൾ വേണം കണ്ണടകൾ വേണം
രക്തം ചിതറിയ ചുവരുകൾ കാണാം
അഴിഞ്ഞ കോലകോപ്പുകൾ കാണാം
ഒഴിഞ്ഞ കൂരയിൽ ഒളിഞ്ഞിരിക്കും
കുരുന്നുഭ്രുതി കണ്ണുകൾ കാണാം
മങ്ങിയ കാഴ്ചകൾ കണ്ടു മടുത്തു
*കണ്ണടകൾ വേണം കണ്ണടകൾ വേണം*

## നാലിതല് പൂവ്



കുട്ടനോരോമന ൌപ്പാനൻരനിനീർചെടി
മുറ്റത്തുനട്ടുനനചിരുന്നു
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾല്
മുറ്റി വളർന്നു മൊട്ടണിഞ്ഞു.

ആരുമറിഞ്ഞില്ല്ക്കരുമൊട്ടിലുള്
ച്ചേരുന്ന ചാരു രഹസ്യമൊന്നും.
ഉച്ചികുടിമയും പാറിച്ചു നില് ക്കന്ന
കൊച്ചനെ ത വുമെന്നാർ ഗണിക്കും
കുട്ടനു മാതറമുടെഏതോ ചിലതിണ്ണ
*പൊട്ടിവീണേക്കുമന്നും*

# തേന്നൂറും മലയാളം



മലയാളം എന്ന നാലക്ഷരങ്ങൾ
മനസ്സിൽ മറയാതെ കാത്തിടേണ്ണെ
മധുരം പകരും ഈ നാലക്കങ്ങൾ
മതിയാവതോളം ഗ്രഹിച്ചീടേണ്ണെ
മലയാളത്തിന്റെ മാധുര്യ രാഗം
മലയാളികളിൽ തിരിതെളിക്കും
മൺമറയാതെ മലയാളത്തെ

# പുഷ്പം



ഞാനൊരു പുഷ്പമായി
വിരിയുന്ന നേരം, കാറ്റായി
നീ എന്ന പുണരില്ലേ
എന്നിതൾ തഴുകി, എൻ കരം മുത്തമിട്ട്
എങ്ങോ മാഞ്ഞു നീ പോയില്ലേ......
തേൻ നുകരും പൂമ്പാറ്റയെപ്പോൽ
വർണ്ണമെഴും മഴവിൽ പോലെ നീ
എൻ മുഖം കാണാനായി വരികയില്ലേ
എൻ ഗന്ധമേൽക്കാൻ ഓടിയെത്തും കുരുന്നുകൾ
എന്നെ മശിപ്പിക്കാൻ മുതിരല്ലേ........

ദൃശ്യം

ഞങ്ങളെന്നും പ്രകൃതി സ്വത്ത്........ ഞങ്ങളെന്നും
ദൈവത്തിന്റെവരദാനം.

## വിദ്യാലയം




വിദ്യാലയ മുറ്റത്ത്  സൗഹൃദം കൂടി നാം
അറിവുകൾ എറെ പഠിച്ചെടുത്തില്ലേ നാം
വിദ്യാലയമാണെന്റെ അറിവിന്റെ ഉറവിടം
സ്നേഹത്തിന്റെ സുന്ദര വിദ്യാലയം

അമ്മയെന്നെഴുതിയ ആദ്യ വിദ്യാലയം
സൗഹൃദം കൂടിയ ഒരു നവ വിദ്യാലയം
അറിവിന്റെ ദീപമായ എന്റെ വിദ്യാലയം
വിജ്ഞാന ശോഭമായ് എന്റെ വിദ്യാലയം

ഇന്ന് ഞാൻ നിൽക്കുന്ന പദവിക്ക് ഉടമയായ്
എന്നും ഞാൻ ഓർക്കുന്ന എന്റെ വിദ്യാലയം

എന്റെ വിദ്യാലയമാണെന്റെ ആശ്രയം
അറിവിന്റെ പൊരുളായ സ്നേഹ വിദ്യാലയം

# പെരുന്തച്ചൻ

ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നൻ-
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു!
വാതമെന്നലുമ്പിലെ മജ്ജയൊക്കെയും കാർന്നു,
പ്രേതമായിത്തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു.
ഉളിവെയ്ക്കുമ്പോൾ കട്ട പൊന്നു പോൽ മിന്നും പ്ലാവും
കളിവഞ്ചി വെട്ടീടാൻ ചേലേറ്റും വൻതേമാവും
നിറയെ പൂത്തും കായച്ചും നിൽക്കുമീ മീനക്കാലത്തി-
റിയത്തു ചെന്നൊന്നു നോക്കരുവാൻ കഴിഞ്ഞെങ്കിൽ!
എൻ പറമ്പിലില്ലാ ഒറ്റ കുറ്റിവാഴയുമെനി-
ക്കിമ്പമാണെവിടെയും മരം കണ്ടാൽ.
ഒൻപതാൾ പിടിച്ചാലും പിടികൂടാതുണ്ടൊറ്റത്തമ്പക-
മുളയന്നൂരമ്പലമൈതാനത്തിൽ.
വളവില്ലാ പോട്ടും കേട്ടുമെൻ കണ്ണാൽ ഞാനൊന്നളന്നിട്ടൊ-
രെൺപതു  കോലിനപ്പുറം പോവും
മുറിച്ചാലതു മതി നാട്ടിലെ പുരക്കെല്ലാം
മുളമോന്തായം മാറ്റാ, മുത്തരത്തിനും കിട്ടും .
അല്ലെങ്കിലൂരാണ്മക്കാർ മോഹിക്കും പോലെ ചെത്തി-

യില്ലാമാളികകൾക്ക ചീലാന്തിക്കതൊപ്പിക്കാം.

# കവിതയോട്

എന്തിനു താമസിപ്പതംബികേ, നിന്നുണ്ണിയാ-
മെൻ മുന്നിലണയുവാ?നെങ്ങു നീ മറഞ്ഞിതോ?
എത്ര നാളമ്മേ. നിന്നെത്തിരഞ്ഞുകൊണ്ടീവിതം
ഹ്യത്തടം കരിഞ്ഞു ഞാൻ കേണകേണലയേണ്ടൂ?
പൂർവ്വാശയാറ്റുനോറ്റു സമ്പാദിച്ചൊരു തങ്ക-
പ്പൂങ്കുമാരനെയങ്ങു പോൽച്ചാറിൽ മുക്കി മുക്കി
നീരാട്ടി  മടിത്തട്ടിൽ കിടത്തിത്താലോലിക്കും-
നേരത്ത നിന്നെത്തേടിയെങ്ങു ഞാൻ നടക്കവേ
ആ മണിമുറ്റത്തു നിൻ സ്മിതത്തീവോള്യേന്യേ
യാതൊന്നും കണ്ടീടാതെ മടങ്ങി നിരാശനായി
പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർത്ഥനക്കയായിച്ചെല്ലും സന്ധ്യയാം പേൺകൊടിതൻ
പൂവനത്തിലുമമ്മേ, നിന്നേ ഞാൻ തിരഞ്ഞിതേ.

ദൃശ്യം

# കണിക്കൊന്ന



എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ കണിക്കൊന്നയല്ലേ
വിഷുക്കാലമല്ലേ  പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ
വിഷുക്കാലമെത്തി ക്കഴിഞ്ഞാലുറക്കത്തിൽ
ഞാൻ ഞെട്ടിഞെട്ടിത്തരിക്കും
ഇരുൾതൊപ്പിപോക്കിപ്പതുക്കെ പ്രഭാതം
ചിരിക്കാൻ ശ്രമിക്കും
പുലർച്ചക്കുളിർകാറ്റ് വീശിപ്പറക്കും
വിയൽപക്ഷി ശ്രദ്ധിച്ചുനോക്കും
എൻതാലി  നിൻതാലി
പൂത്താലിയാടിക്കളിക്കുന്ന
കൊമ്പത്തു സമ്പത്തു കൊണ്ടാടിനിൽക്കും
കണിക്കൊന്നയല്ലേ
പൂക്കാതിരിക്കാൻ എനിക്കാവതില്ലേ

# കെടാത്ത സൂര്യൻ



അക്ഷരത്തിന്നനന്തമാകാശ-
വക്ഷസ്സിൽ ഹൃദയതാളമായും
ചിത്തിരക്കിനാതാരകത്തുമായി-
ലിത്തിരി സ്നേഹ വട്ടമായും
ഏതടുപ്പകല്ലിന്നുള്ളിലുമൊരെ-
തീയെരിക്കുന്ന സത്യമായും സർഗ്ഗപാദ പൃക്ഷമായും
അന്തിനേരത്തു പാഴ്ക്കൂടിൽ തിണ്ണയിൽ
ചന്തമറ്റമിടിഞ്ഞാലയും
വെച്ച വീണുഴന്നീടുന്ന നിസ്യന്റെ
വേർപ്പിലർന്ന ഗന്ധമായും
നാട്ടുനന്മകൾ കാക്കുവാമൻ വാക്കിന്റെ
ഗാട്ടുകാരാനാംനാദമായും
ഉജ്വലോജ്വമാം യുദ്ധബൂമിയി-
ലർജ്ജുനാസ്ത്രത്തിൽ വേഗമായും
അത്ത ലാലുള്ള കത്തവെ നേർത്തതാം
ചിത്ത സംഗീത ധാരയായും
മൃത്യുവിൻ കട്ടും കെട്ടിറിക്കുമ്പോഴും
നിത്യ കർമ്മ സൗഭാഗ്യമായും
മുന്നിലേക്കു കുതിച്ചിന്നശ്വര
പുണ്യമായി ചിരിപ്പു തിങ്കൾ

# ചിറകുകൾ



മനസ്സിലെ മുറിവുണക്കാനിനിയൊരു
വാക്കിനും കഴിയില്ല തെല്ലും.
പ്രതീക്ഷയോടെ കരങ്ങൾ ജീർണ്ണിച്ചുവെന്നാലും
ഇന്നും എന്റെ മനസ്സിലാ കരങ്ങൾ
ജനിച്ചു മരിച്ചു കണ്ടോ്രയിക്കുന്നു.
നിൻ മിഴിയിൽ നിന്നടർന്ന ഓരോ കിരണങ്ങളും
എന്നെ തീയായി ജ്വലിപ്പിച്ചിരുന്നു.
എന്നിലെ സ്വപ്നങ്ങൾക്ക്
ചിറകുകൾ നൽകിയിരുന്നു.
സ്വയമുരുകിയെന്നാലുമാ...
കിരണങ്ങളൊരുപാട് മോഹിച്ചിരുന്നു.
ദൂരമേറെയുണ്ടെന്നാലുമെൻ
ചിറകുകൾക്കൊരു ദൂരമായിരുന്നില്ല താനും
പൊങ്ങിപ്പറന്ന വേളയിലെപ്പോഴോ
ചിറകുകൾ നീ എരിഞ്ഞെടുത്തു.

# കാട്



നീലകകുയിലുകൾ പാടിയുറങ്ങും
നീലക്കാടുകളേ
കായുണ്ടോ? കനിയുണ്ടോ?
ഞാവൽ പഴമുണ്ടോ?

നീല വിഹായസ്സിൽ നൃത്തം വെയ്ക്കും
നീലക്കാടുകളേ
മാനത്തപ്പന സുഖമാണോ?
മാരിവില്ല വരാറുണ്ടോ?

അരിവുകളിൽ തെളിനീരുണ്ടോ?
കാട്ടാറിൻ കളകലമുണ്ടോ?
മധുവുണ്ണും മധുപന്മാരുടെ
*മന്ത്രധ്വനിയുണ്ടോ?*

# മൊഴി മുത്തുകൾ

## മഹാത്മഗാന്ധി



എന്റെ ജീവിതമാണ് എന്റെ സന്ദേശം

സ്വന്തം ഭാഷയിൽ നാം അഭിമാനം കൊള്ളണം


മാതൃഭാഷയെ സ്നേഹിക്കാൻ  കഴിയാത്തവന് മാതൃ ഭൂമിയെ സ്നേഹിക്കാൻ കഴിയില്ല.

നമ്മുടെ കുറവുകളെ മനസ്സിലാക്കുക എന്നതാണ് ഏറ്റവും ഉന്നതമായ പുരോഗതി

ചിന്തയേക്കാൾ വലിയ ശക്തിയില്ല.

ആത്മവിശ്വാസമാണ് സ്വരാജ്യം.

# വൈക്കം മുഹമ്മദ് ബഷീർ



ജീവിതം അന്തമായ

പ്രാർത്ഥനയാണ് .....

മരണമില്ലാത്ത വാക്ക്

അനുഭവങ്ങളുടെ വൻകരയെ മലയാള

സാഹിത്യത്തിലേക്ക് കൊണ്ടുവന്ന ബഷീർ

ഒരു ഇതിഹാസമായിരുന്നു. ജനിയുടെ

തെരുവുകളിലെ ശബ്ദങ്ങളും സംഗീതം

പൊഴിക്കുന്ന  സുരഭില സ്വപ്നങ്ങളും

അക്ഷരങ്ങളിലേക്കാവാഹിക്കുന്ന ബേപ്പൂർ
സുല്ഡത്താൻ അല്ലാഹ്ഹവിന്റെ

ഖജനാവിലെ സമയവും മുറിച്ച് മറഞ്ഞുപോയി

സ്വാതന്ത്ര്യത്തിന്റെ നാനാർത്ഥങ്ങൾ

പറഞ്ഞ മതിലുകൾ ചോരകിനിയുന്ന

പ്രണയത്തിന്റെ ഉഷ്ണ വാഹിനിയായ ബാല്യകാലസഖി. ഭായയുടെ മാന്ത്രികത

അനുഭവിച്ച പാത്തുമ്മയുടെ ആട്
ചേതോഹരമായ

അശാന്തിയെ കുറിച്ചെഴുതിയ

## കുസൃതി ചോദ്യങ്ങൾ

ഉദിക്കാൻ പറ്റാത്ത സൂര്യൻ?

ജയസൂര്യൻ

ഇരിക്കാൻ പറ്റാത്ത പടി ?

മറുപടി

എറ്റവും ചെറിയ വീട്?
ചീവീട്

മാന്യമായ ആളുകളുടെ  പോക്കറ്റടിക്കുന്നവൻ ?
തയ്യൽക്കാരൻ

എലാവരും ഇഷ്ടപ്പെടുന്ന മാനം?

സമ്മാനം

എറ്റവും കൂടുതൽ കോഴിയുള്ള നാട് ?
കോഴിക്കോട്

എല്ലാവരും ആവശ്യ പെടുന്ന മതം  ?
സമ്മതം

എല്ലാവരും തിന്നുന്ന ആണി ?
ബിരിയാണി

എഞ്ചിനുള്ള മനുഷ്യൻ ?
എഞ്ചിനീയർ

# വായനയിലൂടെ അറിവിന്റെ ആകാശത്തേക്ക്



അനുഭവിച്ചറിയാൻ കഴിയുന്നതിനേക്കാൾ കൂടുതൽ വായിച്ചറിയാൻ കഴിയും. .വായന നമുക്ക് നൽകുന്ന കരുത്ത് വലുതാണ് . വായനയിലൂടെ കണ്ടെത്തിയ നല്ല കഥാപാത്രങ്ങൾ നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കും . മഹത്തുക്കളുടെ ജീവചരിത്രം നല്ല മനുഷ്യരാകാൻ നമുക്ക് പ്രചോതനമാകും . നല്ല മനുഷ്യരുടെ ജീവചരിത്രങ്ങൾ വായിച്ച കുട്ടിയും വായിക്കാത്ത കുട്ടിയും ഒരുപോലെയാവില്ല, തീർച്ച . പാഠഭാഗങ്ങൾ മാത്രമല്ലഅറിവിന്റെ ശേഖരങ്ങൽ അവയ്ക്കു പുറത്തുമുണ്ട് വായിക്കാനേറെ . ഓരോ പാഠവും പഠിക്കുമ്പോൾ അധിക വായനക്കുള്ള പുസ്തകങ്ങൾ *ലൈബ്രറിയിൽ നിന്നും ശേഖരിക്കണം . വായിച്ച പുസ്തകങ്ങളെ പറ്റി ഡയറി എഴുതുക .കൂടുതൽ വായിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ നമ്മുടെ അഭിപ്രായത്തിന് ആഴം കൂടുന്നതായി കാണാം .*

# ചിന്തിപ്പിക്കുന്ന ചോദ്യോത്തരങ്ങൾ

1) ഏറ്റവും കൂടുതൽ കാലം കേരള മുഖ്യമന്ത്രി ആയിരുന്ന വ്യക്തി ?

കെ. കരുണാകരൻ

2) മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി ?

കരൾ

3) സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹം ?

വ്യാഴം

4) സൂര്യപ്രകാശം ഭൂമിയിൽ എത്താൻ എടുക്കുന്ന സമയം ?

8 മിനിറ്റ്

5)ചന്ദ്രനിൽ മനുഷ്യനെ ഇറക്കാൻ സഹായിച്ച വാഹനം ?

അപ്പോളോ 11

6) മലയാളത്തിലെ ആദ്യ നോവൽ ?

കുന്ദലത

7) സാഹിത്യത്തിന് നോബേൽ സമ്മാനം ലഭി ച്ച ഇന്ത്യക്കാരൻ ?

രവീന്ദ്രനാഥടാഗോർ

8) ഇലയിൽ ഭക്ഷണം സംഭരിച്ചു വെക്കുന്ന സസ്യം ?

ക്യാബേജ്

9) ഇന്ത്യൻ മുഖ്യമന്ത്രി ആയ ആദ്യ വനിത ?

സുചേതാകൃപലാനി

## തുളവീണ കുടം



ചൈനയിൽ പണ്ട് ഒരു മുത്തശ്ശി ഉണ്ടായിരുന്നു . ദൂരെയുള്ള ഒരു കിണറ്റിൽ നിന്നാണ് മുത്തശ്ശി പതിവായി വെള്ളം കൊണ്ടു വന്നിരുന്നത് .ഇതിനായി അവർക്ക് രണ്ട് കുടങ്ങളുണ്ടായിരുന്നു .വെള്ളം നിറച്ചശേഷം കുടങ്ങൾ നീളമുള്ള ഒരു ദണ്ഡിന്റെ രണ്ടറ്റത്തുമായി കെട്ടിത്തൂക്കും . അങ്ങനെ കുറെ ദൂരം കാൽനടയായി പിന്നിട്ടാണ് വീട്ടിലെത്തുക .കുടങ്ങളിൽ ഒരെണ്ണം തുളവീണതുംഒരെണ്ണം നല്ലതുമായിരുന്നു . കിണറ്റിൻ കരയിൽ നിന്ന് വീട്ടിലെത്തുമ്പോൾ തുളവീണ കുടത്തിൽ പാതി വെള്ളേമേ ഉണ്ടാവുകയുള്ളൂ . പാതി വെള്ളം വഴി നീളെ ചേർന്നുപൊയിരിക്കും . അങ്ങനെ ഒരു യാത്രയിൽ ഒന്നരക്കുടം വെള്ളം മുത്തശ്ശിയുടെ വീട്ടിലെത്തും .കേടുപാടുകളില്ലാത്ത കുടത്തിന് കുറച്ച് അഹങ്കാരമുണ്ട് . ഒരു തുള്ളിയും നഷ്ടപ്പെടുത്താതെ അത് മുഴുവൻ വെള്ളവും വീട്ടിലെത്തിക്കുന്നുണ്ടല്ലൊ . ഈ അഹംഭാവം കാണുമ്പൊൾ തുളവീണ കുടത്തിന് സങ്കടമാണ് . രണ്ട് വർഷത്തിലധികം ഈ നില തുടർന്നു .

## ദൃശ്യം

തുളവീണ കുടം മുത്തശ്ശിയൊട് പറഞ്ഞു എനിക്ക് മതിയായി എന്റെ ശരീരത്തിലെ ദ്വാരം കാരണം എത്ര വെള്ളമാണ് പാഴായിപോകുന്നത് . ഇതു കേട്ടപോൾ ചിരിച്ചുകൊണ്ട് മുത്തശ്ശിപറഞ്ഞു നീ എന്തിനാണ് ഇങ്ങനെ ചിന്തിക്കുന്നത് . നമ്മൾ വരുന്ന വഴിയിലെ ചെടികൾ നീ കണ്ടോ . മുത്തശ്ശി നൊക്കിചൂണ്ടികാണിച്ച ആ ഭാഗത്തേക്ക് തുളവീണകുടം .വിവിധയിനം ചെടികൾ ഇടതൂർന്ന വളർന്നു നിൽക്കുന്നു . എല്ലാത്തിലും പലനിറത്തിലുള്ള പക്കളും പൂമൊട്ടുകളുമുണ്ട് . തുമ്പികളും ശലഭങ്ങളും പാറിപറക്കുന്നു .മുത്തശ്ശി ;നിന്റെ അവസ്ഥ എനിക്കറിയാമായിരുന്നു.അതുകൊണ്ട് നിന്റെ വഴിയിൽ പൂച്ചെടികൾ വെച്ചുപിടിപ്പിച്ച . എല്ലാ ദിവസവും നീ അവയ്ക്ക് വെള്ളമൊഴി- ച്ചില്ലേ . ഞാൻ വെള്ളമൊഴിച്ചെന്നോ ; . തുളവീണകുട- ത്തിന് അതൊരു പുതിയ അറിവായിരുന്നു .മുത്തശ്ശി പറഞ്ഞു ' ' അതെ , രണ്ട് വർഷത്തോളം എന്റെ സ്വീക രണമുറിയെ അലങ്കരിച്ചത് നീ വളർത്തിയ പൂക്കളാണ്. ഓരോരുത്തർക്കും അവരവരുടേതായ നിയോഗമുണ്ട്. നീയില്ലായിരുന്നെങ്കിൽ എന്റെ വീടലങ്കരിക്കാൻ പൂക്ക ളുണ്ടാകുമായിരുന്നില്ല . മുത്തശ്ശി തുളവീണകുടത്തിനെ മടിയിൽ വെച്ചു എന്നിട്ട് അതിന്റെ ദ്വാരത്തിൽ തലോടിക്കോണ്ട് പറഞ്ഞു . നമ്മുടെ ജീവിതത്തെ ഹരിതാഭമാക്കുന്നതും ,വർണാഭമാക്കുന്നതും ഇത്തരം ചില അപൂർണതകളാണ് . തുളവീണ കുടത്തിന്റെ അപകഷധാബോധം മുഴവൻ ഒഴകിപോയി . പകരം അവിടെ ആത്മാഭിമാനം വന്നുനിറഞ്ഞു .

# മരങ്ങളുടെ കഥ



പണ്ട് പണ്ട് രാത്രി ഉണ്ടായിരുന്നില്ല .എല്ലാ-യ്പ്പൊഴും പകൽ മാത്രം .'ഹൊ'എന്തൊരു ചൂട് സഹിക്കാൻ വയ്യ . ആളുകൾ ദൈവത്തൊട് പരാതി പറഞ്ഞു. ദൈവമേ ഈ; ചൂടും ,വെളി-ച്ചവും ഞങ്ങൾക്ക് താങ്ങനാവില്ല . ഇരുട്ടും,ത-ണപ്പുമാണ് ഞങ്ങൾക്ക് വേണ്ടത് . അതൊടെ ഭൂമിയിൽ പകൽ ഇല്ലാതായി . എപ്പൊഴും രാത്രി മാത്രം . "ഹായ് ഇരുട്ട് " .പക്ഷെ വൈകാതെ ആളുകൾക്ക് ഇരുട്ട് സഹിക്കാൻ പറ്റാതായി . വിളകളെല്ലാം നശിച്ചുപൊകുന്നു , വല്ലാത്ത തണപ്പ് ഇരുട്ടിൽ തടഞ്ഞുവീണു ദേഹമെല്ലാം മുറിഞ്ഞു. എല്ലാവരും വീണ്ടും പ്രാർത്തിച്ചു . "ദൈവമേ" തണപ്പ് താങ്ങാനാ-വാതെ മനുഷ്യരെല്ലാം മരിക്കുന്നു . സുഖമായി ജീവിക്കണമെങ്കിൽ രാത്രിയും,പകലും ഒരുപൊലെ വേണം . ദൈവം പ്രാർത്തന കേട്ടു പകലും , രാത്രിയും ഒരുപോലെ വന്നതോടെ ജീവിതം സുഖകരമായി . എങ്കിലും ഇരുട്ടിൽ തടഞ്ഞുവീണു മരിച്ചവരെ ഓർക്കുമ്പോൾ . ആളുകൾ മരിച്ചുപോയവർക്കു വേണ്ടി പ്രാർത്തിച്ചു .ഞങ്ങളുടെ മരിച്ചു പോയ പ്രിയ-പ്പെട്ടവർക്ക് ജീവൻ തിരികെ കോടുക്കണേ മരിച്ചു പോയവർ പുനർജനിച്ചത് മരങ്ങളുടെ രൂപത്തിലാണെന്നു മാത്രം.

# സന്യാസിയും നായയും

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു.നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുള്ളതും വേണം നായയ്ക്ക്.

ഒരിക്കൽനായകാട്ടിൽഭക്ഷണമന്വേഷിച്ച്നടക്കുകയായിരുന്നു .അതാ,മരച്ചുവട്ടിൽഒരുകടുവ. നായയെകണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായഓടെടാഓട്ടം നായ ചെന്നുനിന്നത് സന്യാസിയുടെ ഗുഹക്കകത്താണ്.

"എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി.

"ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായപറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.
നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ

തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളൂവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.

*ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്യാസിയെ തന്നെശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.*

*സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടി വീണു.*

*ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതിലടച്ചു.*

***ഗുണപാഠം :: വന്ന വഴി മറന്ന് അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ ഉള്ളതു കൂടി നഷ്ടമാകും.... .***

# മാന്ത്രികച്ചെണ്ട



ഒരിക്കൽ ഒരിടത്ത് വയസ്സനായ ഒരു ചെണ്ടക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ചിണ്ടൻ എന്നായിരുന്നു. അയാൾക്ക് ആകെയുള്ളത് ഒരു പഴഞ്ചൻ ചെണ്ടയായിരുന്നു. ചിണ്ടൻ ചെണ്ട കോട്ടാൻ തുടങ്ങിയാൽ എല്ലാവരും കളിയാക്കും. അപ്പോൾ ചിണ്ടന് സങ്കടം വരും.എങ്കിലും ആഘോഷം വരുമ്പോൾ ചിണ്ടനും കൊട്ടാൻ പോകും.

*ഒരിക്കൽ രാജാവ് ആ നാട്ടിൽ വരാൻ തീരുമാനിച്ചു. രാജാവിനെ സ്വീകരിക്കാൻ ഉഗ്രൻ ചെണ്ടമേളം വേണം - നാട്ടുകാർ തീരുമാനിച്ചു. ആ നാട്ടിൽ രണ്ടു ചെണ്ടക്കാർ കൂടിയുണ്ടായിരുന്നു - കിണ്ടുവും ടുണ്ടുവും. ചെണ്ട കൊട്ടി രാജാവിനെ സ്വീകരിക്കാൻ കിണ്ടുവിന്റേയും ടുണ്ടുവിന്റേയും കൂടെ ചിണ്ടനുംപുറപ്പെട്ടു.വഴിയിൽ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരിപ്പായി. ചിണ്ടൻ അങ്ങനെയിരുന്നു ഉറങ്ങിപ്പോയി. അപ്പോൾ കിണ്ടു ടുണ്ടുവിനോട് പറഞ്ഞു: "ഇതു തന്നെ തക്കം! നമുക്ക് മിണ്ടാതെ സ്ഥലം വിടാം ! ഈ കിളവന്റെ പഴഞ്ചൻ ചെണ്ടമേളം കേട്ടാൽ രാജാവിനു ദേഷ്യം വരും."കിണ്ടുവും ടുണ്ടുവും സൂത്രത്തിൽ സ്ഥലം വിടാനൊരുങ്ങി. പക്ഷെ ഇതെല്ലാം മറ്റൊരാൾ കാണുന്നുണ്ടായിരുന്നുമരത്തിനുമുകളിലെവനദേവത!പാവം ചിണ്ടനെ പറ്റിച്ചു കടക്കാൻ നോക്കുന്ന കിണ്ടുവിനേയും ടുണ്ടുവിനേയും ഒരു പാഠം പഠിപ്പിക്കാൻ ദേവത തീരുമാനിച്ചു. ദേവത എന്തു ചെയ്തെന്നോ? മന്ത്രംചൊല്ലിരണ്ടുപേരെയുംഉറക്കി!*

*പിന്നെ ദേവത മാന്ത്രികാവടികൊണ്ട് ചിണ്ടന്റെ ചെണ്ടയിൽ ഒന്നു*

കൊട്ടി. 'ണ്ടിം!'. ആ ശബ്ദം കേട്ട് ചിണ്ടൻ ഉറക്കമുണർന്നു.എല്ലാം മറന്നുറങ്ങുകയായിരുന്ന കൂട്ടുകാരെ വിളിച്ചുണർത്താൻ ചിണ്ടൻ കുറേ ശ്രമിച്ചു.പക്ഷേ , ദേവത മന്ത്രം ചൊല്ലി മയക്കിയ അവരുണ്ടോ ഉണരുന്നു!

നിരാശനായ ചിണ്ടൻ ചെണ്ടയും ചുമലിലേറ്റി ഒറ്റയ്ക്ക് നടപ്പായി.രാജാവ് ഗ്രാമത്തിന്റെ കവാടത്തിൽ എത്തിയിരുന്നു. ചെണ്ടക്കാരെ കാണാതെ പരിഭ്രമിച്ചു നിൽക്കുകയായിരുന്നു എല്ലാവരും. അപ്പോഴാണ് ചിണ്ടന്റെ വരവ്."ഹും , താൻ മാത്രമേ ഉള്ളോ? " അധികാരി ദേഷ്യപ്പെട്ടു. "കുറേപ്പേർ വന്നു ചെണ്ടമേളം കേമമാക്കണമെന്ന് പറഞ്ഞിരുന്നതല്ലേ? രാജാവിന് ദേഷ്യം വന്നാൽ തന്റെ കാര്യം പോക്കാ!"

അതു കേട്ട മറ്റൊരാൾ പറഞ്ഞു: "ആലോചിച്ചു നിൽക്കാനൊന്നും സമയമില്ല. വേഗം കോട്ടു തുടങ്ങു. രാജാവ് എത്തിക്കഴിഞ്ഞു." ചിണ്ടൻ രണ്ടും കല്പിച്ചു കൊട്ട് തുടങ്ങി. മാന്ത്രികവടികൊണ്ടു ദേവത കൊട്ടിയതല്ലേ ! മധുരമായ ശബ്ദമാണ് അതിൽനിന്നു പുറത്തു വന്നത്. അനേകം ചെണ്ടക്കാർ ഒന്നിച്ചു കൊട്ടുന്ന ഗംഭീരമേളം !നാട്ടുകാർ അന്തംവിട്ടു നിന്നു. ചിണ്ടൻ എല്ലാം മറന്നു കൊട്ടോടുകൊട്ട്! അത്രയും നല്ല മേളം ആരും കേട്ടിരുന്നില്ല. രാജാവ് അത്ഭുതത്തോടെ ചിണ്ടനെ അടുത്ത് വിളച്ച് ധാരാളംസമ്മാനങ്ങൾകൊടുത്തു!

**ഗുണപാഠം :: ആരെയുംനിസ്സാരരായി കണ്ടു കളിയാക്കരുത്.**

## പഴഞ്ചൊല്ലുകൾ

- അടയ്ക്കയാണെങ്കിൽ മടിയിൽ വയ്ക്കാം.അടയ്ക്കാമരമായാലോ?
- അടി തെറ്റിയാൽ ആനയും വീഴും
- അടിസ്ഥാനമുറച്ചേ ആരൂഢമുറയ്ക്കൂ.
- അധികമായാൽ അമൃതും വിഷം.
- അമ്മയ്ക്ക് പ്രണവേദന മകൾക്ക് വീണവായന
- അമ്മായി ഉടച്ചത് മൺച്ചട്ടി മരുമകൾ ഉടച്ചത് പൊൻച്ചട്ടി
- അഴകുള്ള ചക്കയിൽ ചുളയില്ല
- ആരാന്റമ്മയ്ക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻ നല്ല രസം
- ആളേറിയാൽ പാമ്പു ചാകില്ല
- ആർക്കാനും വേണ്ടി ഓക്കനിക്കുക
- ഇരിക്കാനിടം കിട്ടിയാൽ കിടക്കരുത്.
- ഇരിക്കും കൊമ്പ് മുറിക്കരുത്.